# 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6091** **17-03-2023 - ൽ മറുപടിയ്ക്ക്**

## കെ.എസ്.എഫ്.ഇ. ചിട്ടികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.എഫ്.ഇ. ചിട്ടികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ? | (എ) | കെ.എസ്.എഫ്.ഇ ചിട്ടികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നടപ്പിലാക്കിയിട്ടില്ല. 15.01.2021 ൽ കേരള നിയമസഭ മുൻപാകെ അവതരിപ്പിച്ച ബജറ്റ് 2021 ലെ 274-ാം നമ്പർ ഖണ്ഡികയിൽ കെ.എസ്.എഫ്.ഇ യിലെ ചിട്ടി വരിക്കാർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തും എന്ന് പ്രഖ്യാപിച്ചിരുന്നു. അത് പ്രകാരം 20.01.2021 ൽ നടന്ന കെ.എസ്.എഫ്.ഇ ഡയറക്ടർ ബോർഡ് യോഗം ഇക്കാര്യം ചർച്ച ചെയ്യുകയും 9170-ാം നമ്പർ തീരുമാന പ്രകാരം ഇൻഷ്വറൻസ് പരിരക്ഷയ്ക്ക് സമാനമായ അത്യാഹിത പരിരക്ഷ കെ.എസ്.എഫ്.ഇ നേരിട്ട് അതിന്റെ ചിട്ടി വരിക്കാർക്ക് പ്രദാനം ചെയ്യാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 2021 ഫെബ്രുവരി 15 മുതൽ വിവിധ ശാഖകളിലെ ചിട്ടി വരിക്കാർക്ക് നിബന്ധനകൾക്ക് വിധേയമായി അത്യാഹിത പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ